പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3130 — 13.07.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.റ്റി.സിയുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ :<br>" ആർ. സെൽവരാജ് :<br>" വർക്കല കഹാർ :<br>" ഹൈബി ഈഡൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.റ്റി.സി. ബസ്സുകളിൽ യാത്ര ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ദീർഘദൂര യാത്രക്കാരെ ആകർഷിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. യിലെ ഓൺ ലൈൻ റിസർവേഷൻ സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കുക, സ്ഥിരം യാത്രക്കാർക്കായി സീസൺ ടിക്കറ്റ് സമ്പ്രദായം ഏർപ്പെടുത്തുക, യാത്രക്കാർക്ക് പ്രയോജനപ്രദമായ രീതിയിൽ എല്ലാ ഡിപ്പോകളിലും കസ്റ്റമർ റിലേഷൻ സിസ്റ്റവും പരാതി പരിഹാര സെല്ലും ആരംഭിക്കുക, എല്ലാ യാത്രക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുക, ബസ്സുകളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുക, എല്ലാ ഡിപ്പോകളിലും എ.റ്റി.എം. കൗണ്ടറുകൾ സ്ഥാപിക്കുക, വരുമാനം കുറഞ്ഞ റൂട്ടുകളിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾ പുന:ക്രമീകരിച്ച് ലാഭകരമായി യാത്രക്കാർക്ക് പ്രയോജനപ്രദമായ രീതിയിൽ സർവ്വീസുകളാക്കി മാറ്റുക. പുതിയ ബസ്സുകൾ നിരത്തിലിറക്കി യാത്രക്കാരെ ആകർഷിക്കുക തുടങ്ങിയ വിവിധ തരത്തിലുള്ള കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. യാത്രക്കാരെ ആകർഷിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങളുള്ള എ.സി. വോൾ വോ ബസ്സുകളും, സൂപ്പർ ഡീലക്സ് ബസ്സുകളും, അതിവേഗ സിൽവർ ലൈൻ ജെറ്റ് ബസ്സുകളും നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുത കർമ്മ പദ്ധതികൾക്കായി പുനരുദ്ധാരണ പാക്കേജിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ പ്രസ്തുത കർമ്മ പദ്ധതികൾ എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | ടി കർമ്മ പദ്ധതികളെല്ലാം പൂർണ്ണമായും നടപ്പിലാക്കുമ്പോൾ കോർപ്പറേഷൻെറ പ്രതിദിന വരുമാനം 7.00 കോടി രൂപയായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | |
|---|---|
| (ഡി) പ്രസ്തുത കർമ്മ പദ്ധതികൾക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ഓൺ ലൈൻ റിസർവേഷൻ സംവിധാനം കാലോചിതമായി പരിഷ്കരിച്ചു കഴിഞ്ഞു. എല്ലാ യാത്രക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. ബസ്സുകളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്ന നടപടിയും എല്ലാ ഡിപ്പോകളിലും എ.റ്റി.എം. കൗണ്ടറുകൾ സ്ഥാപിക്കുന്ന നടപടിയും അന്തിമഘട്ടത്തിലാണ്. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500 ൽ പരം സർവ്വീസുകൾ യാത്രക്കാർക്ക് പ്രയോജനപ്രദമായ രീതിയിൽ പുന:ക്രമീകരിച്ച് ലാഭകരമാക്കി മാറ്റിയിട്ടുണ്ട്. ഹഡ്കോയിൽ നിന്നും വായ്പ ലഭ്യമാക്കി 350 പുതിയ ബസ്സുകൾ നിരത്തിലിറക്കി കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**